Shri Shankara says in his commentary on this mantra that turning the sense-organs away from their objects is very difficult and compares it to changing the course of a river. He says that only a rare 'dheera' succeeds in doing this. He interprets the word dheera as 'dheeman' or 'viveki', i.e., a person of discrimination. The definition of 'dheera' which is most apt in the present context is that given by the famous poet kAlidAsa in his work known as 'kumArasambhavam'. The following shloka gives this definition:

vikArahetau sati vikriyante |
yeshhAm na cetAmsi ta eva dhIrAh ||

vikArahetau sati- even when causes for disturbing the mind and rousing various emotions are present,
yeshhAm- they whose, cetAmsi- minds, na vikriyante- do not get disturbed,
te eva dhIrAh- they alone are dheeras.

Thus a dheera is a person in whose mind emotions such as desire, dislike, fear, anger, envy, pride, etc., do not at all arise even in the presence of objects or circumstances which generate such emotions in ordinary people. That means a person whose mind remains calm under all circumstances. Only such a person will be able to withdraw his sense-organs from all objects and concentrate his mind on the self.

Such a person is one who has reached the stage of 'yogArUDha' as mentioned in gItA 6.4. He is free from all desires.

# Dharma

Balagopal Ramakrishnan

The term 'dharma' is one of the most intractable terms in Hindu theology. Derived from the root dhar (Dhri) to uphold, sustain or support, the term 'Dharma' denotes that which holds together the different aspects and qualities of an object into a whole. Ordinarily, the term 'Dharma' has been translated as a religious code, as righteousness, as a system of morality, as duty, as charity etc., but the original sanskrit term has an individual personality of its own, which is not captured by any one of these renderings. The best rendering of this term 'dharma' that I have met with so far, is "the Law of being", meaning "that which makes a thing or being what it is." For example, it is the 'Dharma' of the fire to burn, of the sun to shine, etc.

#Dharanat Dharmam Ithyahu Dharmena Vidratah Prajah#

Dharma means, therefore, not merely righteousness or goodness but it indicates the essential nature of anything without which it cannot retain its independent existence. For example, a cold dark sun is impossible, as heat and light are the dharmas of the sun. Similarly, if we are to live as truly dynamic men in the world, we can only do so by being faithful to our true nature,and the Geetaa explains `to me my Dharma.'

The essential factor in man is the Divine Consciousness. All actions, thoughts and ideas entertained by him which are not opposed to his essential Divine Nature constitute his Dharma. All actions and thoughts that hasten the evolution of man to rediscover his essential Divine Nature are considered righteous action (Dharma), while all activities of the mind and intellect that take him away from his true Divine Nature and make him behave like an animal and degrade him in this evolutionary status, are called unrighteous behaviour (A-dharma).

(Various sources)

# Vaishnava tilak




## Balagopal

(The article source http://www.answers.com/topic/vaishnavism )

The different 'Vaishnava sampradayas' each have their own distinctive style of Tilak which depict the siddhanta of their particular lineage.

In the Vallabha, Rudra-sampradaya the tilak worn is generally a single vertical red line. This line represents Yamuna devi. The form of Krishna worshiped in the Vallabha line is Sri Nathji or Govardhana. The consort of the Govardhana hill is the river Yamuna. Their process of surrender goes through Yamuna devi.

The Madhva sampradaya mark two vertical lines representing Krishna's 'lotus feet'. In between a vertical black line is made from the daily coal of the yajna-kunda (fire sacrifice). In their sampradaya, the process of worship involves 'nitya-homa', or daily fire sacrifices to Narayana or Krishna. The remnant coal of the puja (worship) is used each day to mark the forehead. Underneath the black line, a yellow or red dot is added to indicate either Lakshmi or Radharani. Those who did not perform daily fire sacrifice wear the simple two line tilak only.

In the Gaudiya Vaishnava sampradaya the tilak is usually made out of mud from Vrindavan. The main tilak is basically identical to the Madhva tilak. The slight difference arose due to the emphasis on the chanting (japa and kirtan) in the Gaudiya tradition. In Chaitanya Mahaprabhu's line, chanting is given as the

essential devotional (bhakti) activity to be performed in Kali yuga in preference to fire sacrifices. As such, the black line made from the ash of the fire sacrifice is not included. The second difference arose due to Chaitanya Mahaprabhu's process of approaching Krishna. In the Gaudiya line devotees do not approach Radha and Krishna directly, but always indirectly through their servant. To indicate this, the red dot representing Radha is replaced with a tulsi leaf offered at the base of Krishna's feet. In Gaudiya belief only through the mercy of Tulsi Devi (or another pure devotee) can pure devotion to Radha & Krishna or Krishna & Balarama be awakened.

Members of the Sri Vaishnava tradition form tilak with two lines representing the feet of Narayana, with a red line in the middle which representing Lakshmidevi. Because the Sri Vaishnava sampradaya begins with Lakshmi, and because they approach Narayana through Lakshmi, their tilak reflects this process of surrender. A variant to this is found within the Ramanandi sect, begun by Ramananda, who wear a similar tilak design but in reference to Sita and Rama (whom their devotion is focused upon) rather than Lakshmi and Narayana.

In Nimbarka Sampradaya, the tilak is made of Gopi-Chandana (the clay from Gopi Kunda lake in Dwarka, Gujarat), as described in the Vasudeva Upanishad. It starts at the bridge of the nose and continues as two vertical lines to the top of the forehead. This is said to represent the temple of God. Within these lines, between the eyebrows is a black dot, made from the slate found in Barsana, Uttar Pradesh, the sacred birthplace of Radha. This is said to represent God as Radha and Krishna together. This tilak personifies the tenets of the Sampradaya, that God is Radha and Krishna together, none else. It is supposed to have been first given to Nimbarka at the time of his initiation to the Sage, Narada. The tilak is first given to an initiate by their guru at the time of initiation, and after this, daily the devotee will remember his guru before he adorns the tilaka on his head.

Most importantly keep 'him' in one's body, mind and intellect (BMI) always-this is the greatest 'sampradaya'.





# Sree Saraswathi Ashtothram

Om Sarasvatyai namah
Om Maha-bhadrayai namah
Om Maha-mayayai namah
Om Vara-pradayai namah
Om Sree pradayai namah
Om Padma-nilayayai namah
Om Padmakshmai namah
Om Padma-vaktri-kayai namah
Om Shivanu-jayai namah
Om Pustaka-stayai namah

Om Gynana-mudrayai namah
Om Ramayai namah
Om Kama-rupayai namah
Om Maha-vidyayai namah
Om Maha-pataka-nashinyai namah
Om Maha-shrayayai namah
Om Malinyai namah
Om Maha-bhogayai namah
Om Maha-bhujayai namah
Om Maha-bagayai namah

Om Maho-tsahayai namah
Om Divyamgayai namah
Om Sura-vandi-tayai namah
Om Mahakalyai namah
Om Maha-pashayai namah
Om Maha-karayai namah
Om Mahamkushayai namah
Om Peetayai namah
Om Vimalayai namah
Om Vishvayai namah

Om Vidyunma-layai namah
Om Vaishnavyai namah

Om Chandri-kayai namah
Om Chandra-lekha-vibhu-shitayai namah
Om Bhoga-dayai namah
Om Savitryai namah
Om Surasayai namah
Om Devyai namah
Om Divya-lankara-bhushitayai namah
Om Vagdevyai namah

Om Vasudayai namah
Om Teevrayai namah
Om Maha-bhadrayai namah
Om Maha-phalayai namah
Om Gomatyai namah
Om Bharatyai namah
Om Bhamayai namah
Om Govimdayai namah
Om Jati-layai namah
Om Vindhya-vasayai namah

Om Chandi-kayai namah
Om Vaishnavyai namah
Om Bramhyai namah
Om Bramha-gynanaika-sadhanayai namah
Om Soudaminyai namah
Om Sudha-murtayai namah
Om Subha-drayai namah
Om Sura-puji-tayai namah
Om Suvaa-sinyai namah
Om Suveenayai namah

Om Vini-drayai namah
Om Padma-lochanayai namah
Om Vidya-rupayai namah
Om Vishalayai namah
Om Bramha-jayayai namah
Om maha palayai namah
Om Traeimurtyai namah
Om Traeikalanjyai namah
Om Traeikalanjyai namah
Om Shastra-rupinyai namah

Om Shumbha-sura-pramadhinyai namah

Om Shubha-dayai namah
Om Sarvatmi-kayai namah
Om Rakta-beejani-hantrai namah
Om Chamundayai namah
Om Ambikayai namah
Om Munda-kambi-katai namah
Om Dhumra-lochana-mardhinyai namah
Om Sarva-devastu-tayai namah
Om Soumyayai namah

Om Sura-sura-namaskrutayai namah
Om Kala-ratryai namah
Om Kala-dharayai namah
Om Vagdevyai namah
Om Vara-rohayai namah
Om Varahyai namah
Om Varijaa-sanayai namah
Om Chitrambarayai namah
Om Chitra-gamdhayai namah
Om Chitra-malya-vibhushitayai namah

Om Kantayai namah
Om Kama-pradayai namah
Om Vindyayai namah
Om Rupa-soubhagya-daeinyai namah
Om Shweta-sanayai namah
Om Neela-bhujayai namah
Om Sura-puji-tayai namah
Om Rakta-madhyayai namah
Om Neela-jamghayai namah
Om Niranja-nayai namah

Om Chaturana-nasamrajyai namah
Om Chaturvarga-phala-pradayai namah
Om Hamsa-sanayai namah
Om Bramha-vishu-sivatmi-kayai namah
Om Sarva-mangalaya namah
Om Vedamathre namah
Om Saratayai namah
Om Sri Saraswatyai namah

*Om Naanavidha Parimal Pathra Pushpaani Samarpayami*



# തുഞ്ചത്ത് ഗുരുപാദർ

## രാജു-വിളാവത്ത്-കൂവപ്പടി

മലയാള ഭാഷയുടെ പിതാവ്, മലയാളികളുടെയെല്ലാം ആചാര്യൻ എന്നെല്ലാം അന്വർത്ഥമായി വിശേഷിപ്പിക്കാവുന്ന ഒരു കവിവര്യൻ നമുക്കുണ്ട്. ലളിതകോമളമായ ഭാഷയിൽ അദ്ധ്യാത്മരാമായണവും, മഹാഭാരതവും, കിളിപ്പാട്ടാക്കി നമുക്ക് സംഗ്രഹിച്ചുതന്ന തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ തന്നെയാണ് ആ മഹാൻ. എഴുത്തച്ഛന്റെ ജീവിതകാലം, അച്ഛനമ്മമാർ, അദ്ദേഹത്തിന്റെ കൃതികൾ, എന്നുവേണ്ട, ശരിയായ പേരുപോലും നമുക്ക് ഖണ്ഡിതമായി തെളിയിക്കുവാൻ സാധിച്ചിട്ടില്ല. ചിറ്റൂർ ഗുരുമഠത്തിൽ തലമുറകളായി പ്രചരിച്ചു വരുന്ന ഐതീഹ്യങ്ങളിൽനിന്നും ഉടലെടുത്ത ഊഹാപോഹങ്ങളെ ആധാരമാകി ചിലതെല്ലാം ചരിത്രകാരന്മാർ സ്ഥാപിച്ചെടുത്തിട്ടുണ്ടെന്നുള്ളത് ശരിതന്നെ. എന്നിരുന്നാലും അദ്ദേഹത്തിന്റെ ജനനസ്ഥലം തിരൂരാണെന്നതിൽ തർക്കമില്ല.

ജനനവും, വിദ്യാഭ്യാസവും:-

സംസ്കൃതത്തിൽ കവികൾ 'പ്രകാശം' എന്ന് വിവക്ഷിക്കുന്ന വാക്കിന് നാം ഭാഷയിൽ 'വെട്ടം, വെളിച്ചം' എന്നൊക്കെപ്പറയാറുണ്ട്. പ്രകാശമെന്ന പദംതന്നെ മലയാളത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിട്ടുമുണ്ട്.

'ലക്ഷ്മ്യാ പ്രകാശവിഷയം രഞ്ജയൻ നിജയാനിജം
നിത്യമുദ്യൻ വിജയതേ സുകൃതാലംബനം രവി';
'ജഗദാനന്ദയൻ ഗോഭി:സതാം മാർഗ്ഗം സനാഥയൻ
പ്രകാശശ്രീകരോ രാജാ രവിവർമ്മാ വിരാജതേ'.

മേൽക്കാണിച്ച ശ്ലോകാർദ്ധങ്ങളിൽ ആദ്യത്തേത് തൃക്കണ്ടിയൂർ അച്യുതപ്പിഷാരൊടി

അദ്ദേഹത്തിന്റെ വ്യാകരണഗ്രന്ഥമായ 'പ്രവേശക'ത്തിലും, രണ്ടാമത്തേത് 'ഭ്രമരസന്ദേശ'ത്തിൽ വാസുദേവ കവിയും, വെട്ടത്തു (പ്രകാശ) രാജാവായ രവിവർമ്മാവിനെ സ്തുതിക്കുന്നതാണ്.

സ്വയം പണ്ഡിതന്മാരും, എന്നാൽ ഇതരപണ്ഡിതന്മ്മാരെയും, കവികളേയും, പ്രോത്സാഹിപ്പിക്കുന്നതിൽ മുങ്കയ്യെടുത്തവരുമായി രണ്ടു രാജാക്കന്മ്മാർ വെട്ടത്തു നാട്ടിൽ ഭരണം നടത്തുകയുണ്ടായി. രാജരാജ വർമ്മാവും, രവിവർമ്മയുമായിരുന്നു അവർ. കൊ. വ. എഴുന്നൂറിനും, എണ്ണൂറിനും ഇടയിലുള്ള ശതാബ്ദമായിരുന്നു അവരുടെ ഭരണകാലം. നാനാശാസ്ത്രങ്ങളിലും, സാഹിത്യസരണിയിലും, പ്രഗത്ഭരായിരുന്ന അനേകം പണ്ഡിതന്മാർക്ക് കൽപവൃക്ഷമായിരുന്നു അവർ. വടശ്ശേരി പരമേശ്വരൻ നമ്പൂതിരി, പുതുമന ചോമാതിരി, കേളല്ലൂർ നീലകണ്ഠ സോമയാജി, തിരുമംഗലത്ത് നീലകണ്ഠൻ നമ്പീശൻ, തൃക്കണ്ടിയൂർ അച്യുതപ്പിഷാരോടി, മേൽപ്പത്തൂർ നാരായണ ഭട്ടതിരി, അദ്ദേഹത്തിന്റെ അച്ഛൻ, ഇങ്ങനെ പോകുന്നു അക്കാലത്തെ പണ്ഡിതവിരാജിതമായ രാജസദസ്സിലെ അംഗങ്ങളുടെ പട്ടിക.

അങ്ങിനെയുള്ള വെട്ടത്തുനാട്ടിലാണ് ആചാര്യൻ ജനിച്ചത്. ശരിയായി പറഞ്ഞാൽ തിരൂരിലുള്ള തൃക്കണ്ടിയൂർ തുഞ്ചത്തു ഭവനത്തിലാണെന്ന് തെളിയിക്കാൻ രേഖകളുണ്ട്. ഷൊർണ്ണൂരിൽനിന്ന് കോഴിക്കോട്ടേക്ക് യാത്രചെയ്യുമ്പോൾ തിരൂർ തീവണ്ടി കാര്യാലയത്തിൽനിന്ന് ഒരുനാഴിക തെക്കുപടിഞ്ഞാറായി ഈ സ്ഥലം കാണാം. കൊ.വ. *700*-നും *800*-നും ഇടക്കാണ് എഴുത്തച്ഛൻ ജീവിച്ചിരുന്നതെന്ന് ഗവേഷകന്മാർ ഒരു നിഗമനത്തിലെത്തിയിട്ടുണ്ട്. എഴുത്തച്ഛന്റെ അമ്മ ഒരു ചക്കാലയുടമയായ നായർ സ്ത്രീയും അച്ഛൻ ഒരു ബ്രാഹ്മണനും ആയിരുന്നുവെന്ന ഐതീഹ്യത്തെ നമുക്ക് പാടേ നിരസ്സിക്കേണ്ടതില്ല. നമ്പൂതിരിമാർ നായർ സ്ത്രീകൾക്ക് പുടവകൊടുക്കുന്ന ഏർപ്പാട് ഈ അടുത്ത കാലംവരെ കേരളത്തിൽ നിലനിന്നിരുന്നതാണല്ലോ എന്ന് സമാധാനിച്ചാൽ മതി.

ജ്യോതിഷപണ്ഡിതനായ ഒരു നമ്പൂരി തിരുവനന്തപുരത്തുനിന്ന് വടക്കോട്ട്, സ്വന്തം നാട്ടിലേക്ക് യാത്ര തിരിച്ചു. വഴിയിൽ ആവശ്യത്തിലധികം യാത്രാതടസം നേരിട്ടതുകൊണ്ട്, വീട്ടിൽ എത്തണമെന്നുദ്ദേശിച്ച ദിവസം തൃക്കണ്ടിയൂരേ എത്താൻ കഴിഞ്ഞുള്ളു.അപ്പോൾത്തന്നെ ഏതാണ്ട് സന്ധ്യയായതിനാൽ അടുത്തുള്ള വല്ല നമ്പൂതിരി ഇല്ലത്തും അന്തിയുറങ്ങി പിറ്റേന്ന് യാത്ര തുടരാൻ തീരുമാനിച്ചു. അത്താഴം കഴിഞ്ഞു കിടന്നപ്പോൾ നമ്പൂതിരിക്ക് ഉറക്കം വരുന്നില്ല. സ്വന്തം ഇല്ലത്തെത്താൻ പറ്റിയില്ലല്ലോ എന്ന വ്യസനത്താൽ രാത്രി അങ്ങോട്ടും ഇങ്ങോട്ടും നടക്കാൻ തുടങ്ങി.ഇല്ലത്തൊരു ദാസി നമ്പൂരിയുടെ പരിഭ്രമം കണ്ട് കാരണമാരാഞ്ഞപ്പോൾ, ജാതക പ്രകാരം ഈ ശുഭമുഹൂർ

ത്തത്തിൽ ഒരു വിശിഷ്ടനായ ഉണ്ണി പിറക്കാൻ എനിക്ക് യോഗമുണ്ടെന്നും, ആ സമയത്ത് സ്വന്തം ഇല്ലത്തെത്താൻ പറ്റില്ലല്ലോ എന്നോർത്ത് വിഷമിക്കുകയാണെന്നും പറഞ്ഞു. എന്നാൽ ആ ഉണ്ണി എന്റെ ഉദരത്തിൽ വളരാൻ കനിവുണ്ടാകണേ എന്ന് ദാസി യാചിച്ചുവെന്നും, ആങ്ങിനെയാണ് എഴുത്തച്ഛന്റെ പിറവിയെന്നും ഐതിഹ്യമുണ്ട്.

പണ്ടുകാലം മുതൽ കേരളത്തിൽ ജന്മിമാരും,ആഢ്യന്മാരുമായ നമ്പൂരിമാരുടെ ഇല്ലങ്ങളിൽ ശൂദ്രസ്ത്രീകൾ, അന്തർജ്ജനങ്ങൾക്ക് സഹായത്തിനായി പാർത്തുവരാറുണ്ട്. ഇവരെ 'ഇരിക്കണമ്മ'മാർ എന്ന് പറഞ്ഞുവന്നിരുന്നു. അങ്ങിനെ ബ്രഹ്മണ ഇല്ലങ്ങളിൽ പാർത്തുവന്നതുകൊണ്ടായിരിക്കാം എഴുത്തച്ഛന്റെ മാതാവിന് ഒരു വിശിഷ്ട ബ്രാഹ്മണനിൽ നിന്ന് സന്താന ലാഭം ഉണ്ടാകാൻ കാരണം. എഴുത്തച്ഛന്റെ അമ്മ ഈശ്വരവിശ്വാസിയും ജ്ഞാനിയുമായിരിക്കാനാണ് വഴികാണുന്നത്. അവർ സ്തോത്രങ്ങളും മറ്റും പതിവായി രണ്ടുനേരവും ചൊല്ലുകയും, നിത്യനാമജപം മുതലായവ അനുഷ്ഠിക്കുകയും ചെയ്തിരിക്കണം. ബാലനായ എഴുത്തച്ഛൻ ഇതെല്ലാം കേട്ട് പഠിച്ചപ്പോൾ ആസ്തീക്യബോധം മനസ്സിൽ വളരുകകൂടാതെ, ജന്മസിദ്ധമായ അദ്ദേഹത്തിന്റെ അത്ഭുതബുദ്ധിക്കൊരുത്തേജനവുമായി എന്ന് തീർച്ച.

ഇനി എഴുത്തച്ഛന്റെ ഗുരുനാഥന്മാരെപ്പറ്റി അൽപം വിചിന്തനം ചെയ്യാം. എഴുത്തച്ഛൻ അദ്ധ്യാത്മരാമായണം കിളിപ്പാട്ടിൽ,

'അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മൽഗുരുനാഥനനേകാന്തേവാസികളോടും
ഉൾക്കരുന്നിങ്കൽ വാഴ്ക, രാമനാമാചാര്യനും
മുഖ്യന്മാരായ ഗുരുഭൂതന്മാർ മറ്റുള്ളോരും,'

എന്ന് പ്രാർത്ഥിക്കുന്നുണ്ടല്ലോ. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടത് തുഞ്ചത്ത് എഴുത്തുകളരി നടത്തി വന്നിരുന്ന വിദ്വാനായ ഒരു ജേഷ്ഠനാണ് എഴുത്തച്ഛന്റെ ആദ്യഗുരു എന്നാണ്. മുഖ്യന്മാരായ ഗുരുഭൂതന്മാരുടെ കൂട്ടത്തിൽ ഒരു 'രാമ'നാചാര്യനേയും സ്മരിക്കുന്നുണ്ട്. എഴുത്തച്ഛൻ എന്ന വാക്കുതന്നെ എഴുത്തു പഠിപ്പിക്കുന്ന ആശാൻ 'എഴുത്തശ്ശൻ'എന്നതിന്റെ രൂപഭേദമാണ്.എഴുത്തുകളരിയിൽ കുട്ടികളെ പഠിപ്പിക്കലിനു പുറമെ ഗ്രന്ഥങ്ങൾ ഓലയിൽ പകർത്തി എഴുതിക്കൊടുക്കുന്നതിനുള്ള സംവിധാനവും ഉണ്ടായിരുന്നു. ഈ കാണുന്ന ജ്യേഷ്ഠനെ എഴുത്തച്ഛൻ ഒരാചാര്യൻ എന്ന നിലയിലാണ് കരുതിയിരുന്നതെന്നുള്ളതുകൊണ്ട്, എഴുത്തച്ഛനിന്നിന്ന് വളരെ പ്രായക്കൂടുതൽ ഉള്ളതായിത്തോന്നുന്നു. അ നിലക്ക് ഒരമ്മക്ക് ജനിച്ച ജ്യേഷ്ഠനാണോ അതോ വലിയമ്മയുടെ മകൻ ആയിരിക്കുമോ എന്ന് തീർത്തു പറയുക പ്രയാസമാണ്. സാദ്ധ്യത

വലിയമ്മയുടെ മകനാകാനാണ്.

എഴുത്തും വായനയും, കണക്ക്, അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം, എന്നീ സംസ്കൃത ലഘു കാവ്യങ്ങൾ ഈ കളരിയിൽ ജ്യേഷ്ഠന്റെ അടുക്കൽനിന്ന് പഠിച്ചിരിക്കാനിടയുണ്ട്. മേൽ,വിവരിച്ചിരിക്കുന്നവയോക്കെയാണല്ലോ സംസ്കൃതത്തിലെ പ്രാഥമിക പാഠങ്ങൾ. കൂട്ടത്തിൽ ജ്യോതിഷവും, ഗണിതവും അവിടെനിന്ന് പഠിച്ചു. എഴുത്തച്ഛന് ജ്യോതിഷത്തിൽ പരിജ്ഞാനമുണ്ടായിരുന്നുവെന്ന് അധ്യാത്മരാമായണം കിളിപ്പാട്ടിലും, മഹാഭാരതം കിളിപ്പാട്ടിലും തെളിവുകൾ കാണാം. എതാണ്ട് പത്തിരുപതുവയസുവരെ ജ്യേഷ്ഠന്റെ കളരിയിൽ സ്വയം പഠിച്ചും, കുട്ടികളെ പഠിപ്പിച്ചും, ഗ്രന്ഥങ്ങൾ പകർത്തിയെഴുതിയും കഴിച്ചിരിക്കണം.

ജേഷ്ഠനും, രാമനാചാര്യനും കഴിഞ്ഞാൽ പിന്നെയുള്ള ഗുരുക്കന്മാരാരെല്ലാമാണെന്ന് പറയുവാൻ വിഷമാണ്. ചിന്താരത്നം എന്ന കൃതിയിൽ ഒരു ശാസ്ത്രികളുടെ നാമം എടുത്തുപറയുന്നുണ്ട്. ഈ ശാസ്ത്രികളോ. അതുപോലെ മറ്റുവല്ല ശാസ്ത്രികളിൽ നിന്നുമായിരിക്കാം എഴുത്തച്ഛന് ഉപരിവിദ്യാഭ്യാസം ലഭിച്ചത്. തമിഴ്നാട്ടിൽ പണ്ടുമുതൽക്ക് സംസ്കൃതപണ്ഡിതന്മാരേയും, വേദപണ്ഡിതന്മാരേയും ശാസ്ത്രികൾ എന്നാണ് വിളിച്ചുവന്നിരുന്നത്. എഴുത്തച്ഛൻ യൗവ്വനത്തിൽ ഉപരിപഠനാർത്ഥം തമിഴ്നാട്ടിൽ അഞ്ചാറുകൊല്ലം സഞ്ചരിച്ചിരുന്നതായി അറിവുണ്ട്. തമിഴ്നാട്ടിലുള്ള പ്രഗത്ഭരായ ശാസ്ത്രികളിൽ നിന്നുമായിരിക്കും എഴുത്തച്ഛൻ വേദവേദാന്താതികളെല്ലാം വശത്താക്കിയത്. അബ്രാഹ്മണർക്ക് കേരളത്തിൽ വേദാദ്ധ്യായനവും മറ്റും ആദ്യകാലത്ത് വിലക്കപ്പെട്ടിരുന്നു എന്നുള്ള ഐതീഹ്യം ഒരു പക്ഷേ ശരിയായിക്കൂടെന്നില്ല. അതുകൊണ്ടാണ് അവ പഠിക്കണമെന്നും വേദാന്തതത്ത്വങ്ങളിൽക്കൂടി സഞ്ചരിക്കണമെന്നും അദ്ദേഹം ഉറച്ചതും. അനിനുള്ള ലക്ഷ്യം തേടി തമിഴ്നാട്ടിൽ സഞ്ചരിച്ചുകാണും. അവിടെ പറയത്തക്ക പ്രയാസമൊന്നും കൂടാതെ കാര്യം സാധിച്ചപ്പോൾ ഗുരുക്കന്മാരായ 'ശാസ്ത്രി'കളോട് ഒരു പ്രത്യേക പ്രതിപത്തി ഉണ്ടായി. ഹരിനാമകീർത്തനത്തിൽ,

'ഹരിനാമകീർത്തന മിതുരചെയ്‌വതിന്നുഗുരു-
മരുളാലെ ദേവകളുമരുൾ ചെയ്തു ഭൂസുരം'

എന്ന് തുടക്കത്തിലും,
'കരുണാപയോധി മമ ഗുരുനാഥ നിസ്തുതിയെ-
വിരവൊട്ടു പാർത്തു വഴിപോലെ തീർത്തരുൾക,'

എന്ന് അവസാനത്തിലും ഗുരുവിന്റെ അനുഗ്രഹം കാംക്ഷിക്കുന്നുണ്ട്. ഈ ഗുരുനാഥൻ മിക്കവാറും തുഞ്ചത്തെഴുത്തുകളരിയിലെ ജ്യേഷ്ഠൻ,തന്നെയാവാനാണ് സാദ്ധ്യത. മറ്റു ഗുരുക്കന്മാരിൽ ആരെങ്കിലുമോ, അതോ എഴുത്തച്ഛന്റെ കുലപരദേവതയായ തൃക്കണ്ടിയൂരപ്പനേയോ താഴെക്കാണുംവിധം സ്മരിച്ചു കാണുന്നു.

'അമ്പേണമെൻ മനസിശ്രീനീലകണ്ഠ ഗുരു-
മംഭോരുഹാക്ഷമിത വാഴ്ത്തുന്നു ഞാനുമിഹ'.

ആകപ്പാടെ നോക്കുമ്പോൾ ഗുരുക്കന്മാരുടെ ഒരു സമൂഹം തന്നെ എഴുത്തച്ഛനുണ്ടായിരുന്നുവെന്ന് കാണാൻ വിഷമമില്ല. ഗുരുക്കന്മാരിൽനിന്നും കിട്ടിയ ശിക്ഷണവും, സ്വയം അശ്രാന്തപരിശ്രമങ്ങളിൽക്കൂടി നേടിയെടുത്ത പരിജ്ഞാനവും വ്യർത്ഥമാക്കാതെ സാധാരണക്കാരിൽ ആസ്തീക്യബോധവും, ജ്ഞാനവും വളർത്തിയെടുക്കാൻ ഉപയോഗിക്കുകയും അതിന്റെ ഫലമായി ഉണ്ടായ നിരവധി ഗ്രന്ഥങ്ങൾ പിൽക്കാലത്ത് കേരളജനതയുടെ സാംസ്കാരികപരമായ ഉയർച്ചക്ക് കകുടോദാഹരണമായിത്തീർന്നു എന്ന് പറയാം.

കൊല്ലവർഷം *700* മുതൽ *800* വരെയുള്ള കാലയളവിലായിരുന്നു എഴുത്തച്ഛൻ ജീവിച്ചിരുന്നതെന്ന് നാം കണ്ടുവല്ലോ! മഹാകവി ഉള്ളൂർ, ആചാര്യൻ കൊ.വ. *670* മുതൽ *750* വരെയായി *80* വസസ്സുവരെ ജീവിച്ചിരുന്നതായി ഒരു നിഗമനത്തിലെത്തുന്നു. എന്നാൽ ഈ നിഗമനം, മേൽപ്പത്തൂരിന് 'നാരായണീയം' രചിക്കുവാനുള്ള പ്രചോദനം നൽകിയത് ആചാര്യന്റെ 'മീന്തൊട്ടുകൂട്ടാ'നുള്ള ഉപദേശമാണെന്ന ഐതീഹ്യത്തെ പാടെ മറിക്കുന്നതാണ്. ഐതീഹ്യമാണെങ്കിൽ പണ്ഡിതപാമരഭേതമില്ലാതെ സകല ജനങ്ങളും വളരെ കാലമായി വിശ്വസ്സിച്ചുവരുന്നതും, ശാശ്വതപ്രതിഷ്ഠ നേടിയതുമാണ്. ഭട്ടതിരി നാരായണീയം പൂർത്തിയാക്കിയത് കൊ.വ. *762*-ൽ ആയിരുന്നുവെന്നത് ഗ്രന്ഥത്തിൽ ത്തന്നെ സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട്, ഉപദേശം കിട്ടിയിട്ട് *12* കൊല്ലം കഴിഞ്ഞാണ് നാരായണീയം രചിച്ചതെന്ന് പറയാൻ പറ്റില്ലല്ലോ? വാതരോഗം മൂർദ്ധന്യാവസ്ഥ പ്രാപിച്ചപ്പോളാണല്ലോ കവി രോഗനിവാരണത്തിനുള്ള വഴി ആലോചിച്ചു തുടങ്ങിയതും, ആചാര്യന്റെ ഉപദേശമാരാഞ്ഞതും. ആ വഴിക്ക് ചിന്തിക്കുമ്പോൾ,ഐതീഹ്യം പരമാർത്ഥമെങ്കിൽ ('ഐതീഹ്യം കെട്ടുകഥകളല്ലാ' എന്ന മഹത്വചനപ്രകാരം നമ്മൾ മുന്നോട്ടുപോയാൽ നൂറു ശതമാനവും ശരിയാവാനാണ് സാദ്ധ്യത), എഴുത്തച്ഛൻ ഏതാണ്ട് *765-70* വരെയെങ്കിലും ജീവിച്ചിരുന്നിരിക്കണം. ചിറ്റൂർ ഗുരുമഠത്തിലചൃതന്നെയാണ് ആചാര്യൻ സമാധിയടഞ്ഞത് എന്നതിന് ഒരു തെളിവ്, ധനുമാസത്തിലെ ഉത്രം നക്ഷത്രത്തിൽ അവിടെവച്ച് അന്നദാനവും, യോഗീശ്വര പൂജയും ഇന്നും പാരമ്പര്യമനുസരിച്ച് നടത്തിവരുന്നുണ്ടെന്നുള്ളതാണ്. മലയാളികളുടെ

സംസ്കാരോന്നമനത്തിനും, ഭാഷയുടെ വളർച്ചക്കും, കാരണക്കാരനായ ആചാര്യൻ, ഏത് കാലത്ത്, എവിടെ ജീവിച്ചിരുന്നതായാലും, ഗവേഷകന്മാർ സൂക്ഷ്മമായി കണ്ടുപിടിച്ചാലും, ഇല്ലെങ്കിലും, മലയാളഭാഷയും മലയാളികളും ഉള്ളിടത്തോളം കാലം അവരിൽ ഓരോരുത്തരുടെ ഹൃദയത്തിലും എഴുത്തച്ഛന്റെ യശസ്സ് നിലനിൽക്കുമെന്നതിന് രണ്ടുപക്ഷമില്ല.

എഴുതതച്ഛന്റെ അത്ഭുതസിദ്ധികളെ കേന്ദ്രീകരിച്ച് പ്രചരിച്ചുവരുന്ന ഐതീഹ്യങ്ങളിൽ ചിലതെങ്കിലും ഇവിടെ ചേർത്തില്ലെങ്കിൽ ജനനവും വിദ്യാഭ്യാസവും എന്ന തലക്കെട്ട് അർത്ഥശൂന്യമായിപ്പോകും. പ്രത്യേകിച്ചും ഇവയിൽ നല്ലൊരു ശതമാനവും ബ്രഹ്മചര്യാശ്രമത്തിൽ സംഭവിച്ചതായതുകൊണ്ട്.

*1)* എഴുത്തച്ഛൻ ബാല്യകാലത്ത് അമ്മയോടൊപ്പം തൃക്കണ്ടിയൂർ ക്ഷേത്രത്തിൽ പതിവായി ദർശ്ശനം നടത്തിവന്നിരുന്നു. നിത്യേനയുള്ള ഈ സന്ദർശ്ശനം സ്വതവെ ബുദ്ധിശാലിയായിരുന്ന ബാലന്, അമ്പലത്തിലെ വാതിൽമാടത്തിലിരുന്ന് ഉണ്ണികളെ ഓതിക്കന്മാർ ഓത്തു ചൊല്ലിച്ചു പഠിപ്പിക്കുന്നതുകേട്ട് പലതും മനസ്സിലാക്കാൻ വഴിതെളിയിച്ചു. അങ്ങിനെ ഒരു ദിവസം ഉണ്ണികൾ ഓത്ത് പിഴച്ച് ചൊല്ലുന്നത് കേട്ട് 'കാട് കാട്' എന്നുപറയുകയുണ്ടായി. എഴുത്തച്ഛന്റെ ധാരണാശക്തിയെ തെളിയിക്കുവാൻ പോന്ന ഒരു സംഭവമായി ഇതിനെ കണക്കാക്കാം.

*2)* ഒരിക്കൽ തൃക്കണ്ടിയൂർ ക്ഷേത്രത്തിൽ ഒരുണ്ണിനമ്പൂതിരി കുളി കഴിഞ്ഞ് ഗായത്രീമന്ത്രം ജപിച്ച്
ജലാഞ്ജലി തൂവുകയാണ്. ആ സമയം ബാലനായ എഴുത്തച്ഛൻ അത് കാണാനിടവരികയും ഉടനന്നെ ഉണ്ണിയോട് 'ആല്വരെയെത്തിയിട്ട് ജലം തൂവിയാൽപ്പോരെ' എന്ന് ചോതിച്ചു എന്നും അപ്പോൾ ഉണ്ണിക്ക് തെറ്റിന്റെ പൊരുൾ മനസ്സിലായതായും പറഞ്ഞുവരുന്നു. 'തൽ (തത്)
സവിതുർവ്വരേണ്യം ഭർഗ്ഗോ ദേവസ്യ ധീമഹീ ധിയോ യോന:പ്രചോദയാൾ (യാത്)' എന്നാണല്ലോ ഗായത്രീമന്ത്രം. ആ മന്ത്രത്തിന്റെ അവസാനത്തിലുള്ള 'ആൽ' വരെ ചൊല്ലിയിട്ടു വേണം വെള്ളം മേൽപ്പോട്ടെറിയാൻ എന്നാണിതിന്റെ ആന്തരാർത്ഥം. എല്ലാ മന്ത്രങ്ങളും ചൊല്ലുമ്പോൾ കൂട്ടത്തിൽ കർമ്മം ചെയ്യേണ്ടതില്ലെന്നും ചിലതെല്ലാം മന്ത്രോച്ചാരണത്തിനു ശേഷമാണ് നിർവ്വഹിക്കേണ്ടതെന്നുമാണ് ശാസ്ത്രവിധി. എഴുത്തച്ഛൻ ബാല്യത്തിൽത്തന്നെ വേദവേദാന്താദികളിൽ പരിജ്ഞാനം നേടിയിരുന്നു എന്നുള്ളതിന് തെളിവായി ഇതിൽപ്പരം എന്തുവേണം?

*3)* എഴുത്തച്ഛന്റെ കുട്ടിക്കാലത്ത് ചില പാണ്ഡിത്യഗർവ്വിഷ്ഠന്മാരായ നമ്പൂതിരിമാർ

അദ്ദേഹത്തിന്റെ വിജ്ഞാനസാമ്രാജ്യം എത്രമാത്രം വിപുലമാണെന്ന് അളക്കുവാനും കൂട്ടത്തിൽ ഒന്നു പരിഹസിക്കുവാനുമായി 'തുഞ്ചന്റെ ചക്കിൽ എത്ര ആടും' എന്നു ചോദിച്ചപ്പോൾ 'ആറും നാലും ആടും' എന്ന് ശ്ലേഷാർത്ഥപരമായ മറുപടി ഉടനെ കൊടുക്കുകയും ചെയ്തു. വേദങ്ങൾ (4), വേദാംഗങ്ങൾ (6) എന്നിവയുടെ സാരം ഗ്രഹിക്കാനുള്ള കഴിവെനിക്കുണ്ടെന്ന് ആന്തരാർത്ഥവും, ആറും നാലും പത്തിടങ്ങഴി എള്ളാട്ടുവാനുള്ള വലുപ്പം ചക്കിനുണ്ടെന്നുള്ള വാക്യാർത്ഥവും ഉത്തരത്തിൽ ഉൾക്കൊണ്ടിരിക്കുന്നു. ഇതുപോലുള്ള പല സംഭവങ്ങളും എഴുത്തച്ഛന്റെ ചരിത്രവുമായി ഇടകലർന്ന് പ്രചരിച്ചിട്ടുണ്ട്.

സാഹിത്യസംഭാവനകൾ:

ഇനി എഴുത്തച്ഛൻ മലയാളസാഹിത്യത്തിന് നൽകിയിട്ടുള്ള സംഭാവനകളെക്കുറിച്ച് ചിന്തിക്കാം. ആചാര്യൻ ഏതെല്ലാം കൃതികൾ

ഏതെല്ലാം കാലത്ത് രചിച്ചു എന്നെല്ലാം കണ്ടുപിടിക്കുവാൻ പ്രയാസമായിട്ടുതന്നെയാണിരിക്കുന്നത്. ആ നിലയ്ക്ക് അതിലേയ്ക്ക് പ്രവേശിക്കുക വിഷമമാണ്.

എഴുത്തച്ഛൻ ആദ്യമായി ചെയ്തത് അദ്ദേഹത്തിന്റെ കാലത്ത് നടപ്പിലിരുന്ന വിദ്യാഭ്യാസപദ്ധതിക്ക് ചില അഴിച്ചുപണികൾ നടത്തി അവയെ വേണ്ടവിധത്തിൽ ക്രമീകരിച്ച്, ഭാവിതലമുറയ്ക്ക് ഒരു കെടാവിളക്കെന്നോണം ചെളിയിച്ചു എന്നതാണ്. അതിലേയ്ക്കായി അദ്ദേഹം ചിട്ടചെയ്തതാണ് ഗണപതിവന്ദനം, സരസ്വതിവന്ദനം, കൃഷിവന്ദനം, ഗുരുവന്ദനം, വേദവ്യാസവന്ദനം, ഗണാഷ്ടകം, മുകുന്ദാഷ്ടകം എന്നിവ. വാല്മീകി, വ്യാസൻ മുതലായ പൂർവ്വകവികളുടെ ആശയങ്ങളെ പിന്തുടർന്നുകൊണ്ട് എഴുത്തച്ഛൻ ഇതെല്ലാം നിർവ്വഹിച്ചിരിക്കുന്നത്. ആദ്യമായി അക്ഷരം പഠിക്കുന്നവർക്ക് ഉച്ചാരണശുദ്ധി മുതലായവ വേണ്ടവിധത്തിൽ പുഷ്ടിപ്രാപിക്കുന്നതിനും മറ്റും വേണ്ടിയാണ് മേൽപ്പറഞ്ഞ സ്തോത്രങ്ങളിൽക്കൂടി ഇങ്ങനെ ഒരു പാഠപദ്ധതി ആവിഷ്ക്കരിച്ചിരിക്കുന്നത്.

സംസ്കൃതമായാലും, മലയാളമായാലും വിദ്യാർത്ഥികൾ 57 അക്ഷരവും പഠിക്കണമെന്നും, ഏതുഭാഷ പഠിക്കാനും ഒരേ ലിപി തന്നെ മതിയെന്നും എഴുത്തച്ഛൻ തീർച്ചപ്പെടുത്തി. ഈ ക്രമീകരണം നമ്മൾ ഇന്നും പരമ്പരയായി തുടർന്നു വരുന്നുണ്ടല്ലോ. അതിലേക്കായി എഴുത്തച്ഛൻ രചിച്ച കൃതിയാണ് ഹരിനാമകീർത്തനം. 'ഓം, ഹരി.ശ്രീഗണപതയേ നമ:........യരവഷ:' ഈ അക്ഷരങ്ങളും ഇടയിൽ വിട്ടു പോയവയും ക്രമമായി എടുത്ത് ഓരോ അക്ഷരവും ഓരോ സ്ലോകത്തിന്റെ തുടക്കമായി 60 ശ്ലോകങ്ങൾ കൊണ്ട്

രചിച്ചിരിക്കുന്നതാണ് ഈ കൃതി.'അറുപതു ശ്ലോകങ്ങൽക്കു പുറമെ,ആചാര്യവന്ദനം, ഗുരുവന്ദനം, മുതലായി ആറു ശ്ലോകങ്ങൾ തുടക്കത്തിലും, അവസാനത്തിലുമായി കാണുന്നു. കീർത്തനം തുടങ്ങുന്നതുതന്നെ,

'ഓംകാരമായ പൊരുൾ മൂന്നായ് പിരിഞ്ഞുടനെ-
യാങ്കാരമായതിനു താൻ തന്നെ സാക്ഷിയതു
ബോധം വരുത്തുവതിനാളായി നിന്ന പര-
മാചാര്യരൂപ ഹരി നാരായണ നമ:'

എന്നാണല്ലോ. ഹരിനാമകീർത്തനം രചിക്കാൻ എഴുത്തച്ഛന് പ്രചോദനം കിട്ടിയത് ഒന്നുകിൽ വാല്മീകി, ശങ്കരാചാര്യർ മുതൽ പേരുടെ കൃതികളോ, അല്ലെങ്കിൽ വേറെ വല്ല ആചാര്യന്മാരുടെ കൃതികളോ ആയിരിക്കാം. പഞ്ചാക്ഷരസ്തോത്രം, സപ്തസ്വരകീർത്തനം, മുതലായവ പ്രസിദ്ധങ്ങളായ ഭജന കൃതികളാണല്ലോ. ഈ കൃതിയിൽ അദ്വൈതമാണ് പ്രതിപാദ്യവിഷയമെങ്കിലും, സൗകര്യം കിട്ടുമ്പോഴൊക്കെ 'ഹരി: നാരായണ നം:'എന്ന പല്ലവി ആവർത്തിക്കാതിരുന്നില്ല. കുട്ടികളായിരിക്കുമ്പോൾത്തന്നെ ഓരോരുത്തരുടേയും മനസ്സിൽ ദൈവവിശ്വാസം വളർത്താനും കൂടിയായിരിക്കും ഇതിന്റെ ഉദ്ദേശം.

ഇരുപത്തിനാലുവൃത്തം:

നവവിധഭക്തി അല്ലെങ്കിൽ ഭക്തിയുടെ ഒൻപതു വകഭേദങ്ങൾ ശ്രവണം, കീർത്തനം, സ്മരണം, പാദസേവനം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നിവയാണല്ലോ, ഇവയിൽ നാമകീർത്തനത്തിനാണ് എഴുത്തച്ഛൻ പ്രാധാന്യം കൽപിച്ചിരിക്കുന്നത്. ഹരിനാമകീർത്തനം എന്നുവേണ്ട രാമായണം, ഭാരതം, ഭാഗവതം തുടനിയവയിലും ഇതിന്റെ ധ്വനി നമുക്ക് കേൾക്കാൻ കഴിയും. രണ്ടുമൂന്നുദാഹരണങ്ങൾ കാണിക്കാതിരുന്നാൽ പരമാർത്ഥം ബോദ്ധ്യമാവുകയില്ല.

'രാമഹരി രാമഹരി രാമഹരി രാമ
രാമരജനീചര കുലന്തക തൊഴുന്നേൻ
പ്രാണനകലും പൊഴുതു നിൻ മഹിതരൂപം
കാണണമെനിക്കു തെളിഞ്ഞാശു ഹരിരാമ
(ഒന്നാം വൃത്തം)

'ഗോവിന്ദാ ഹരി ഗോവിന്ദാ ഗോവിന്ദാ
ഗോവിന്ദാ ഹരി മാധവാ പാഹിമാം
ജാനകി നയനാമൃത ഭാജന-
രൂപം കാണുമാറാകണം ഗോവിന്ദ (രണ്ടാം വൃത്തം)

'മാലാറുമാററിയ രാമായണംകഥയെ
ബാലാദിപോലുമുരചെയ്കിൽ ത്രിലൊകപെരു-
മാളാമവൻ പരനൊടേകീ ഭവിപ്പതിനു-
മാളായ് വരുന്നു ഹരി നാരായണായ നമ:
(ഇരുപത്തഞ്ചാം വൃത്തം)

മേൽപ്പറഞ്ഞ കൃതിയും വിദ്യാഭ്യാസ വിഷയമായി ആചാര്യൻ നിർമ്മിച്ചിട്ടുള്ളവയാണ്. കുട്ടിക്കാലത്ത് കിട്ടുന്ന ആറിവാണല്ലോ എല്ലാവരിലും അവരവരുടെ പിൽ ക്കാലജീവിതത്തിനാധാരം.

'ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം.'

എന്ന നമ്പ്യാരുടെ പ്രയോഗം പ്രസിദ്ധമാണല്ലോ. ചെറുപ്പത്തിൽത്തന്നെ സകല മനസ്സിലും ജ്ഞാനത്തൊടൊപ്പം ഈശ്വരവിശ്വാസവും വളർന്നു വികസിക്കണമെന്ന എഴുത്തച്ഛന്റെ ഉദ്ദേശം സഫലീകരിക്കാൻ പോന്നതാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളും.

ഭാഗവതം കിളിപ്പാട്ട്:-

വ്യാസമഹർഷിയാണല്ലോ ഭാഗവതപുരാണത്തിന്റെ നിർമ്മാതാവ്. വേദമന്ത്രങ്ങളെ ചിട്ട ചെയ്ത് വിഭജിക്കുകയും, മഹഭാരതം രചിക്കുകയും ചെയ്തിട്ടും വ്യാസഭഗാവ്നിൽ എന്തോ ഒന്നുകൂടി ചെയ്തു തീർക്കാത്തതിനാലുള്ള മന:ക്ലേശം കൊടുമ്പിരിക്കൊണ്ടിരുന്നു. ശ്രീകൃഷ്ണചരിതം സവിസ്തരം പ്രതിപാതിക്കുന്ന ഒരു ഗ്രന്ഥം നിർമ്മിക്കുക കൂടി ചെയ്താൽ അങ്ങയുടെ വിഷദമെല്ലാം മാറുമെന്ന നാരദമഹർഷിയുടെ ഉപദേശമാണ് പതിനെണ്ണായിരം ശ്ലോകങ്ങളുള്ള മഹാഭാഗവതത്തിന്റെ ഉൽപത്തിക്ക് നിദാനം.

അങ്ങിനെ വേദവ്യാസനാൽ രചിക്കപ്പെട്ട ഭാഗവതം എഴുത്തച്ചൻ മലയാളത്തിലേക്ക് വിവർത്ത്റ്റനം ചെയ്ത് കിളിപ്പാട്ടാക്കി എന്നാണ് ഭൂരിപക്ഷം ഗവേഷകരും കരുതുന്നത്.

എന്നാൽ ഇതിനൊരു എതിർപ്പക്ഷ്മില്ലെന്നില്ല. എന്തു തന്നെയായാലും ഭാഷയുടെ ശൈലി നോക്കുമ്പോൾ എഴുത്തച്ഛൻ തന്നെയായിരിക്കണം ഇതിന്റേയും പ്രണേതാവ് എന്ന് വിശ്വസിക്കാം.

'എത്രയുമെളുതായി മുക്തിയെ ലഭിക്കുന്ന
ഭക്തിമാർഗ്ഗത്തെ പ്രതിപാദിപ്പാൻ വേദവ്യാസൻ
ഉത്തമശ്ലോക ചരിത്രങ്ങളും നാമങ്ങളും
ഉത്തമധ്യാനങ്ങളും മിശ്രമായ് വിശുദ്ധമായ്
ചമച്ചു ഭാഗവത മതിങ്കൽ നിരന്തരം
രമിപ്പാനായിട്ടത്രേ മറ്റുള്ള കഥയെല്ലാം.'

എന്ന് കിളിപ്പാട്ടിന്റെ ശൈലി കാണിക്കാൻ ഇവിടെ പകർത്തുന്നു.

രാമായണം കിളിപ്പാട്ട്:-

ആചാര്യൻ രാമായണം കിളിപ്പാട്ടായി രചിക്കാനുണ്ടായ ഒരൈതീഹ്യമുണ്ട്. അമ്പലപ്പുഴ പൂരാടം തിരുനാൾ ദേവനാരായണന് ഒരിക്കൽ അദ്ധ്യാത്മരാമായണം മൂലകൃതിയുടെ തെലുങ്കക്ഷരത്തിൽ എഴുതിയ ഒരു ഗ്രന്ഥം കിട്ടാനിടയായി. അദ്ധ്യാത്മരാമായണത്തെക്കുറിച്ച് തമ്പുരാനും അറിവുണ്ടാൂീരുന്നില്ല. മാത്രമല്ല, തെലുങ്കക്ഷരം വായിക്കാനും. അപ്പോൾ ആരിൽ നിന്നോ എഴുത്തച്ഛന് തെലുങ്ക് വായിക്കാനും പർത്തിയെഴുതാനും അറിയാമെന്ന വിവരം രാജാവിന് കിട്ടി.ഉടനെ ആളയച്ച് അദ്ദേഹത്തെ വരുത്തിക്കുകയും, തത്കൃതിയുടെ മലയാളം ലിപിയിലൊരു പകർ പ്പെടുപ്പിക്കയും ചെയ്തു. അക്കൂട്ടത്തിൽ എഴുത്തച്ഛനും അതിന്റെ ഒരു പകർപ്പ് എടുക്കുകയും, താമസിയതെ അത് കിളിപ്പാട്ടായി വിവർത്തനം ചെയ്യുകയും ചെയ്തു. ഇതാണ് രാമായണം കിളിപ്പാട്ടിന്റെ ഉത്ഭവ കഥ.

കിളിയെക്കൊണ്ട് പറയിക്കുകയോ, കിളിയോട് പറയുന്ന സമ്പ്രദായമോകേരളത്തിൽ എഴുത്തച്ഛന് മുമ്പ് ഉണ്ടായിരുന്നില്ല. എന്നാൽ ഈ സമ്പ്രദായം തമിഴിൽ വളരെ മുമ്പു തന്നെ പ്രസിദ്ധവുമായിരുന്നു. കി.പി. എഴാം ശതകത്തിൽ ജീവിച്ചിരുന്ന തിരുജ്ഞാനസംബന്ധർ, ഒമ്പതാം ശതകത്തിൽ മാണിക്കവാചകർ മുതൽ പേർ അവരുടെ തേവാരപ്പാട്ടുകളിൽ കിളിയേക്കൊണ്ട് പാടിക്കുകയുണ്ടായി. എഴുത്തച്ഛൻ കുറെക്കാലം തമിഴ് നാട്ടിൽ ഉപരിപഠനാർത്ഥം സഞ്ചരിക്കുകയുണ്ടായെന്ന് മുമ്പ് പ്രസ്താവിക്കുകയുണ്ടയല്ലോ. അപ്പോൾ എഴുത്തച്ഛന് കിട്ടിയ അറിവാണ് കിളിയേക്കൊണ്ട് പാടിക്കുകയെന്നത്. അവയെ അഴിച്ചുകൂട്ടി ഒരു പുതിയ വൃത്തം

കേകയല്ലെങ്കിൽ കിളിപ്പാട്ടുവൃത്തം എന്ന പേരിൽ ആചാര്യൻ അവതരിപ്പിച്ചു. താണ്ഡവരായ സ്വാമികൾ എന്ന തമിഴ് കവി പാടിയ 'കൈവല്യനവനീത'മെന്ന വേദന്തപ്രതിപാദനകൃതിയാണ് എഴുത്തച്ഛൻ ആദ്യമായി കിളിപ്പാട്ടു രീതിയിൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്തവതരിപ്പിച്ചത്.

'ഉരത്തോരജ്ഞാനത്തിൽ പെരുത്ത നാരായവേ-
രറുത്തു ബോധം നൽകും കൈവല്യനവനീതം
സ്ഫുരിച്ചു തമിൾപ്പൊരുളറിയാതെ ഞങ്ങൾക്കർത്ഥം
തിരിച്ചു ചൊല്ലേണം നീ കേരളഭഷയാലേ'.

തങ്ങളുടെ അദ്വൈത വേദാന്തജ്ഞാന തൃഷ്ണമാറിക്കിട്ടുവാൻ ഒരു വഴി ആരാഞ്ഞപ്പോൾ ആ മഹാജനങ്ങളോട് കിളിപറയുന്നമാതിരിയാണ് തുടക്കം.

'ഗുരുശ്രീകര ശ്രീമൽ ഗുരുകീർത്തനം സമു-
ച്ചരിച്ചു സുഖേന സഞ്ചരിക്കും കിളിപ്പെണ്ണേ!
കുറുക്കും പാലും പഞ്ചസാരയും പക്വങ്ങളും
വെറുതെ മധുവുമാസ്വദിച്ചു യഥാസാരം.'

ഗുരുവന്ദനം ആചാര്യവന്ദനം, ഈശ്വരവന്ദനം എന്നിവക്കുശേഷം വിവർത്തനം ആരംഭിക്കുന്നു. ഒരു മതൃക ഇവിടെ പകർത്തിക്കാണിക്കാം. അതിൽ നിന്നും എഴുത്തച്ഛന്റെ മൂലകൃതി പദാനുപദ തർജ്ജമ ചെയ്യുമ്പോഴും സ്വതന്ത്രകൃതിയെന്ന് തോന്നിക്കത്തക്ക വിധത്തിലുള്ള ഉടച്ചുവാർക്കൽ അനുവാചകർക്ക് മനസ്സിലാക്കാം.

മൂലം:

'പടർന്തവേതാന്തമെന്നും
പാർക്കടൽമൊണ്ടു മുന്നൂർ
കുടങ്കളിൽ നിറൈത്തുവൈത്താർ കു-
രുവർകളെല്ലാം കാച്ചി
കുടൈത്തെടുത്തളിത്തേനിന്തക്കൈ-
വല്ല്യ നവനീതത്തെ
അടൈന്തവർ വിടയമണ്ടിന്റലൈ-
വരോ പചിയിലാരേ'.

വിവർതനം.:

'പരന്ന വേദാന്തമാം പാൽക്കടൽ നിന്നു കോരി
നിറച്ച ശാസ്ത്രങ്ങളാം കുടങ്ങൾ നിറഞ്ഞെങ്ങും
പരിചിൽ പാനം ചെയ്തുകൊള്ളുവാൻ വെച്ചുമുന്നം
പരമ കൃപാലുക്കളാകിയ ഗുരുക്കന്മാർ
അതിനെക്കാച്ചികടഞ്ഞെടുത്തു തന്നീടുന്ന
മധുരതരമായ കൈവല്ല്യ നവനീതം
അതിഭാഗ്യത്താലിതു ലഭിച്ചു പയ്യില്ലാത്തോ-
രധമാവിഷയമാർന്നതിനാൽ വലഞ്ഞീടാ.'

അദ്ധ്യാത്മരാമായണത്തിലേയ്ക്കു കടക്കുമ്പോഴേക്കും എഴുത്തച്ഛന്റെ ഭക്തിപാരവശ്യം പതിന്മടങ്ങ് വർദ്ധിച്ചതായിക്കാണാം. രാമായണം തുടങ്ങുന്നതുതന്നെ ശ്രീരാമനാമം പാടിവരുന്ന പൈങ്കിളിപ്പെണ്ണിനെ അവതരിപ്പിച്ചു കൊണ്ടാണല്ലോ.

ശ്രീരാമ രാമ രാമ ശ്രീരാമചന്ദ്രജയ
ശ്രീരാമ രാമ രാമ ശ്രീരാമ ഭദ്ര ജയ
ശ്രീരാമ രാമ രാമ സീതാഭി രാമ ജയ
ശ്രീരാമ രാമ രാമ ലോകാഭി രാമ രാമ
ശ്രീരാമ രാമ രാമ രാവണാന്തക രാമ
ശ്രീരാമ മമ ഹൃദി രമതാം രാമ രാമ
ശ്രീരാഘവാത്മാ രാമ ശ്രീരമ രമാപതേ
ശ്രീരാമ രമണീയ വിഗ്രഹ നമോസ്തുതേ
നാരായണായ നമോ നാരായണായ നമോ
നാരായണായ നമോ നാരായണായ നമോ.:

അദ്ധ്യാത്മരാമായണം മൂലത്തെ മലയാളത്തിലേക്ക് തർജ്ജമ ചെയ്ത് സ്വന്തം ശൈലിയിൽ കവിതാത്മകമായി രചിക്കുകയാണല്ലോ എഴുത്തച്ഛൻ ചെയ്തിട്ടുള്ളത്. എന്നാൽ ആ തർജ്ജമ ഒന്നു കൊണ്ടുതന്നെ അദ്ദേഹം ഒരു മഹാകവി പട്ടത്തിനർഹനായി എന്നതാണ് സത്യവസ്ഥ. അദ്ദേഹത്തിന്റെ പ്രത്യേക ശൈലിക്കനുസ്സരിച്ച് പ്രസ്തുത കൃതിയെ കൊണ്ടുവരുന്നതിനായി പല സ്ഥലത്തും മൂലകൃതിയിൽനിന്ന് വ്യതിചലിച്ചിട്ടുണ്ട്. കിളിപ്പാട്ടും, മൂലവുമായി ഒരു താരതമ്യ പഠനം നടത്തിയാൽ സഹൃദയദൃഷ്ടിക്ക് ഈ വത്യാസം അനുഭവപ്പെടുന്നതാണ്. (തുടരും......).

# Our Group News:

## Happy Birthday Dr. Saroja Amma!!!









***Dr. Saroja Ramanujam, our respected group member, our spiritual guide and teacher and a great vedic scholar's birthday is on September 21st. Let me take this opportunity to wish***
**Dr. Saroja Amma a very happy Birthday and many many happy returns of the day!!**

***We are lucky to have such scholarly members in our group. Please wish her and pray for her.***

***May Krishna bless her always!***

- Sunil



ഓം നമോ നാരായണായ: Om Namo Narayanaya: ഓം നമോ നാരായണായ:

**Please email your name and a brief introduction to have your personal introduction published in next Navaneetham.**

***Please email your comments, suggestions & articles for next Navaneetham to editor@guruvayoor.com***

കൃഷ്ണാ ഗുരുവായൂരപ്പാ!

***Sources, credits and copyright acknoledgements***

flickr.com
google.com
harekrishna.org
http://www.flickr.com/photos/toreajade/52081775/
http://sss.vn.ua/india/murtis/saraswati2.jpg
http://www.veda.harekrsna.cz/images/tilakas.jpg
Krishna pictures/Artwork courtesy of
The Bhaktivedanta Book Trust International, Inc.
www.krishna.com.

**Our apologies for those articles & poems we could not publish this time due to space limitations. We will have them published in the forthcoming issues.**

**Om Namo Bhagavathe Vasudevaya!**



**Submitted at the lotus feet of Sri Guruvayoorappan by the devotees.**

**Om Namo Narayanaya:**

**May God bless you all.**